നടപടിച്ചുതുടങ്ങിയിരിക്കുന്നു. ആലപ്പുഴ തുറമുഖത്തു് മണ്ണുവന്നടിയുന്നതിനാൽ കപ്പൽ വന്നടുക്കുന്നതിനു് സൗകര്യമില്ലാതിരിക്കുന്നതായി കാണുന്നു. ആ തുറമുഖത്തെ കുറേക്കൂടി കാര്യക്ഷമമായി നയിക്കുന്നതിനു് ഡിപ്പാർട്ടുമെൻറു് ശ്രദ്ധിക്കേണ്ടതാണു്. കൊല്ലം പ്രത്യേകിച്ചും നീണ്ടകര, നന്നാക്കി എടുക്കുന്നപക്ഷം, എറണാകുളത്തോടു സാദൃശ്യപ്പെട്ടത്താവുന്നതാണു്. അതിലേക്കു നമുക്കു ദൂരെഎങ്ങും പോകുകയോ അന്യ ഗവണ്മെൻറിനെ ആശ്രയിക്കുകയോ ചെയ്യേണ്ടതില്ല. പ്രകൃതിദത്തമായ സൌകര്യങ്ങൾ അവിടെയുള്ളതുകൊണ്ടു് ശ്രദ്ധിക്കുന്നപക്ഷം കൊല്ലം ഒരു നല്ല തുറമുഖമാക്കാവുന്നതാണു്. അതുപോലെതന്നെ തിരുവനന്തപുരത്തും കൊച്ചുലിലും മറ്റും പഴയ തുറമുഖം നന്നാക്കുന്നതു നമ്മുടെ കച്ചവടാഭിവൃദ്ധിക്കും നമ്മുടെ സാമ്പത്തികസ്ഥിതി കുറെക്കൂടി നന്നാക്കുന്നതിനും പര്യാപ്തമായിരിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ മി. വിശ്വനാഥപിള്ള മഹാരാക്കിയ ഉപക്ഷേപത്തോടനുകൂലിച്ചു കൊള്ളുന്നു.

Mr. M. N. Narayana Menon : ഇന്നു് കൊച്ചി തുറമുഖം സംബന്ധിച്ചു് അഭിപ്രായങ്ങളുടേയും ശ്രദ്ധയിൽ പെട്ടിരിക്കുകയാണു്. നമ്മുടെ ഗവണ്മെൻറും അതിൽ സംബന്ധിച്ചിരിക്കുന്നു. എന്നാൽ അതിൻെറ നാലാംഘട്ടത്തെ സംബന്ധിച്ച പല വിവരങ്ങളും കേൾക്കുന്നുണ്ടു്. കൊച്ചി ഗവണ്മെൻറും ഇതിൽ സംബന്ധിച്ചിട്ടുണ്ടു്. എന്നാൽ കൊച്ചി ഗവണ്മെൻറു് ഇതുവരെയും പ്രവർത്തിച്ച സംഗതികൾ കൊച്ചിയിലെ ജനസാമാന്യത്തെ ധരിപ്പിച്ചിട്ടുണ്ടു്. നമ്മുടെ ഗവണ്മെൻറു്, നമ്മുടെ രാജ്യത്തിനു ഗുണകരമായിട്ടുള്ള വിധത്തിൽ വേണ്ടതെല്ലാം പ്രവർത്തിക്കുമെന്നിരുന്നാലും ഇതേപറ്റി യാതൊരുവിവരവും പ്രസിദ്ധപ്പെടുത്തിക്കാണുന്നില്ല. ഇക്കാര്യം നാമ്മ മറയ്ക്കേണ്ട ആവശ്യം യാതൊന്നുകൊണ്ടുമില്ല. തുറമുഖസംബന്ധമായി ഇതുവരെയും നടന്ന സംഗതികളെപ്പറ്റി ഒരു പ്രസ്സ്കമ്മൂണിക്കു് പ്രസിദ്ധപ്പെടുത്തേണ്ടതാകുന്നു.

Rao Sahib Dr. N. Kunjan Pillai: Sir, the Cochin Harbour question is now engaging the attention of the Government of India As honourable members know there was a conference in Simla a couple of months back and as no definite conclusion was reached at that conference another conference will be held, I believe, in September or October. It is too early to announce to the public the results of the previous conference and one cannot say what the result of the next conference is going to be. I would say, Sir, it is

LIBRARY ARCHIVES Kerala Legislative Assembly